ചെമ്പുക്കടവ് I	2.70 മെഗാവാട്ട്	ജലവൈദ്യുത പദ്ധതി
ചെമ്പുക്കടവ് II	3.75 മെഗാവാട്ട്	
ഉറുമി I	3.75 മെഗാവാട്ട്	
ഉറുമി II	2.40 മെഗാവാട്ട്	
മലമ്പുഴ	2.50 മെഗാവാട്ട്	
കുത്തുങ്കൽ (സ്വകാര്യമേഖല)	21.00 മെഗാവാട്ട്	
ബി. എസ്.ഇ.എസ്. (സ്വകാര്യമേഖല)	35.50 മെഗാവാട്ട് (താപനിലയം)	
നേര്യമംഗലം പദ്ധതിയുടെ നവീകരണം	3.00	

(എഫ്) ലോവർ മീൻമുട്ടി (3.5 എം.ഡബ്ലിയു), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 എം.ഡബ്ലിയു), നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 എം.ഡബ്ലിയു) എന്നീ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ ജോലികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

സിസ്മോഗ്രാഫിന്റെ പ്രവർത്തനം

3 [1091] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ പവർ ജനറേഷനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഡാമുകൾ ഏതൊക്കെയെന്നും അവ ഓരോന്നും സ്ഥിതി ചെയ്യുന്ന നദീതടം ഏതെന്നും വ്യക്തമാക്കുമോ ;

(ബി) റിസർവോയർ ഇൻഡ്യൂസ്ഡ് എർത്ത്കുവേക്ക് മോണിറ്റർ ചെയ്യുവാൻ ഏതൊക്കെ ഡാമുകളിൽ സിസ്മോഗ്രാഫ് സ്ഥാപിച്ചിട്ടുണ്ടെന്നും ഓരോന്നും എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങിയെന്നും വ്യക്തമാക്കുമോ ;

(സി) സിസ്മോഗ്രാഫ് പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ ഏതൊക്കെ റിസർവോയറിൽ ഭൂചലനം രേഖപ്പെടുത്തി; റിക്ടർ സ്കെയിലിൽ ചലനത്തിന്റെ തോത് എത്രയായിരുന്നു; ഭൂചലനം ഉണ്ടായ തീയതി എന്നീ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിലുള്ള റിസർവോയറിൽ ഉണ്ടാകാവുന്ന ഭൂമി കുലുക്കത്തിനെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠനം ആര് നടത്തിയെന്നും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും നൽകിയ ശുപാർശകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ; ടി ശുപാർശകളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിവരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	ഡാം	നദീതടം
	കുണ്ടള, ചെങ്കുളം, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, പൊൻമുടി, ആനയിറങ്കൽ, ഇടുക്കി, ഇടമലയാർ, ചെറുതോണി, കുളമാവ്, ഇരട്ടയാർ, കല്ലാർ, ലോവർ പെരിയാർ	പെരിയാർ
	പെരിങ്ങൽകുത്ത്, ഷോളയാർ സാഡിൽ, ഷോളയാർ ഫ്ളാങ്കിംഗ്, ഷോളയാർ മെയിൻ ഡാം	ചാലക്കുടി
	കക്കി, പമ്പ, ശബരിഗിരി ഫ്ളാങ്കിംഗ് (ആനത്തോട്), അപ്പർമൂഴിയാർ, ഗവി, കുള്ളാർ, മൂഴിയാർ, വേലുത്തോട്, മീനാർ I, മീനാർ II	പമ്പ
	കുറ്റ്യാടി	കുറ്റ്യാടി
	കോസാനി സാഡിൽ, നിയർ കോട്ടഗിരി സാഡിൽ, കോട്ടഗിരി സാഡിൽ, കുറ്റ്യാടി ഓഗ്മെന്റേഷൻ മെയിൻ ഡാം, കുറ്റ്യാടി സാഡിൽ	കബനി

(ബി) സിസ്മോഗ്രാഫ് സ്ഥാപിച്ചിട്ടുള്ള പ്രധാനപ്പെട്ട സ്ഥാനങ്ങളും ആരംഭിച്ച തീയതിയും താഴെ കൊടുക്കുന്നു:

ഇടുക്കി	22-5-1970
കുളമാവ്	22-8-1975
പള്ളം	19-4-1975
ആലടി	29-5-1976
ഇടമലയാർ	9-8-1977

LIBRARY ARCHIVES Kerala Legislative Assembly

പമ്പ	18-7-1979
പെരിങ്ങൽകുത്ത്	3-7-1986
ഷോളയാർ	2-9-1986
കുട്ടമ്പുഴ	21-11-1993
മീൻകുട്ട്	16-5-1994
ചോറ്റുപാറ	5-10-1996
കരിമണൽ	15-7-1993

(ഇത് 12-1-2001-ൽ വള്ളക്കടവിലേക്ക് മാറ്റി സെപ്റ്റംബർ 2001 മുതൽ പ്രവർത്തിപ്പിക്കുന്നില്ല)

(സി) 1997-ന് മുമ്പ് സ്വിസ്മോഗ്രാഫിന്റെ അനാലിസിസ് മാനുൽ ആയാണ് നടത്തിയിരുന്നത്. അന്ന് എർത്ത് കൂവേക്കിന്റെ മാഗ്നിറ്റ്യൂഡും ഓരോ സ്റ്റേഷനിൽ നിന്നുമുള്ള എപ്പിസെന്ററിന്റെ ദൂരവും മാത്രമേ കണക്കാക്കിയിരുന്നുള്ളൂ. 1997-നു ശേഷം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഓരോ ഷോക്കിന്റെയും എപ്പിസെന്റർ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ 1997-ന് മുമ്പ് ഇടുക്കി സ്റ്റേഷനിൽ റിക്കാർഡ് ചെയ്ത ഷോക്കിന്റെ എണ്ണവും 1997-ന് ശേഷം റിക്കാർഡ് ചെയ്യപ്പെട്ട ചലനങ്ങളുടെ പഠന പ്രദേശം തിരിച്ചുള്ള വിവരവും അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) കേരളത്തിലെ എല്ലാ റിസർവേയറുകളിലും വൈദ്യുതി ബോർഡ് പഠനം നടത്തിയിട്ടില്ല. എന്നാൽ ഇടുക്കി, ഇടമലയാർ റിസർവേയറുകളിൽ ഉണ്ടാകുന്ന ഭൂചലനങ്ങൾ ബോർഡ് നിരീക്ഷിച്ചു വരുന്നുണ്ട്.

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം

4 [1092] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ :

,, എൻ. രാജൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി മേഖലയിൽ ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ബോർഡിന്റെ ലൈനുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വാടക ഇനത്തിൽ വർഷം തോറും ലഭിക്കുന്ന സംഖ്യയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly